ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
അഡിഷണൽ ഡയറക്ടർ (എ) &റ്റി ) ൻ്റെ നടപടിക്രമം

വിഷയം:- ആ വഡ ജീവനക്കാര്യം -ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഉത്തരവ് നമ്പർ ഇ.എസ്3-6081/2022/ആവഡതീയതി: 25.05.2023
2.06.11.2024 ലെ ഇതേ നമ്പർ ഉത്തരവ്

ഉത്തരവ് നം:**DHS/11771/2023-EE4** തീയതി: 26-11-2024

പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 248 മുതൽ 252 വരെ യുള്ള ജീവനക്കാരെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിലെ ഒഴിവിലേക്ക് 37400 -79000 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി താഴെ പറയും പ്രകാരം ഉത്തരവാകുന്നു .റാങ്ക് നമ്പർ 247 ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിനാലും ,ടിയാളുടെ സേവനവിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ടിയാളെ പ്രൊമോഷൻ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .

| Sl No | Rank No | PEN | Name | Present Station | Promoted and posted to |
|---|---|---|---|---|---|
| 1 | 248 | 837482 | PRIYA G UDAYAN | G H Adoor Pathanamthitta | Pathanamthitta |
| 2 | 249 | 839230 | ROSHAN BHASKAR | PHC Alayamon Kollam | Kollam |
| 3 | 250 | 839308 | JILJIT.G | PHC Veliyam Kollam | Kottayam |
| 4 | 251 | 839207 | ANILA.T.S | CHC Velinnalloor Kollam | Thrissur |
| 5 | 252 | 838694 | DHANYA PRABHAKAR | Dist .T B Centre Kollam | Malappuram |

മേൽ പരാമർശിച്ചിരിക്കുന്ന പട്ടികകളിലെ ജീവനക്കാർക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നിയമന ഉത്തരവ് നൽകേണ്ടതും ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ യഥാസമയം

അറിയിക്കേണ്ടതുമാണ് . ജില്ലാ മെഡിക്കൽ ഓഫീസർ നിയമന ഉത്തരവ് നൽകുന്ന മുറക്ക് സ്ഥാപന മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതാണ് .ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ അതാതു സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപായി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ഇല്ലാ എന്ന് സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ് .സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിക്കേണ്ടതും, സ്പാർക്കിൽ വിവരങ്ങൾ ഉൾപെടുത്തേണ്ടതും ആണ്.

അന്യത്രസേവനത്തിൽ തുടരുന്ന ജീവനക്കാർ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

**ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനാൽ സ്ഥാനകയറ്റം മുഖേന അടിയന്തിരമായി ടി ഒഴിവുകൾ നികത്തേണ്ടതുണ്ട്.അതിനാൽ സീനിയറായ ഫാർമസിസ്റ്റ് ഗ്രേഡ് 1 ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷ പരിഗണിക്കാതെയാണ് നിലവിലുള്ള ഒഴിവിലേക്ക് സ്ഥാനകയറ്റം വഴി നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ടി നിയമനം താൽകാലികമായിരിക്കും .സീനിയർ ആയ ഫാർമസിസ്റ്റ് ഗ്രേഡ് 1 ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുന്നവേളയിൽ പ്രസ്തുത ഉത്തരവ് പുനഃ ക്രമീകരിക്കുന്നതാണ് .**

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ് .

Signed by Jayasree V
Date: 26-11-2024 13:14:00

**അഡിഷണൽ ഡയറക്ടർ(A&T)**

സ്വീകർത്താവ്:-ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
ഫയൽ /കരുതൽ ഫയൽ